ஸ்ரீ என். கணபதி: ஸர், மூஞ்ஞார் டவுனில் கவர்மெண்ட் ஆஸ்பத்திரிகள் ஒன்றும் இல்லை. கண்ணன்தேவன் கம்பெனியில் மாத்திரம் தான் ஆஸ்பத்திரி உண்டு. அங்கு வெளியில் உள்ளவர்களுக்கு சிகில்சைகள் ஒன்றும் செய்யமாட்டார்கள். அதனால் நமது கவர்மெண்ட் அதற்கு வேண்டிய நடவடிக்கை மேற்கொள்ளுமா?

ശ്രീ. ബി. വെല്ലിംഗ്ടൺ: മൂന്നാറിലെ ആശുപത്രി എസ്റ്റേററാവശ്യത്തിനു വേണ്ടി അവർ ഉണ്ടാക്കിയതാണ്. അതുകൊണ്ട് എസ്റ്റേററിനു പുറത്തുള്ളവർക്ക് സഹായം ലഭിക്കാറില്ല. മൂന്നാറിലേക്കുവേണ്ടി പള്ളിവാസലിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. മാധവൻനായർ: പൊൻമുടി എസ്റ്റേററ് ആശുപത്രിക്ക് ഈ അടുത്ത കാലംവരെ 500 രൂപ ഗവണ്മെൻറ് ഗ്രാൻറ് നൽകുകയും അതിൻെറ അടിസ്ഥാനത്തിൽ പരിസരത്തുള്ള ആളുകൾക്ക് സൗജന്യചികിത്സ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ ആ ഗ്രാൻറ് നിറുത്തിയതുകാരണം ചികിത്സാസൗജന്യം അവിടെ നിന്നും കിട്ടുന്നില്ലെന്നുള്ളതിനെ ആസ്പദമാക്കി ഈ കാര്യം ഗവണ്മെൻറു പരിശോധിച്ചു വേണ്ടതു ചെയ്യുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: പരിശോധിക്കാം.

റീസർവ്വെ ചെയ്യൽ

* 80. [206] ശ്രീ. എൻ. കെ. ശേഷൻ:
,, കമാലിയാസ് മൊറായിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് റീസർവ്വെ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ റീസർവ്വെ ആരംഭിച്ചിട്ടുണ്ട്?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ) ഉണ്ട്.

(ബി) കോട്ടയം, നെയ്യാററിൻകര, കൊല്ലം, ചെങ്ങന്നൂർ, പെരുമ്പാവൂർ, പാലക്കാട്, ആലത്തൂർ, ചിററൂർ, തെക്കേവയനാട് എന്നീ താലൂക്കുകളിൽ റീസർവ്വെ അനുവദിച്ചിട്ടുണ്ട്.

കൺട്രാക്ടർമാർ ഉന്നയിച്ച തർക്കങ്ങൾ

* 81. [207] ശ്രീ. വി. എസ്. അച്യുതാനന്ദൻ
,, എസ്. ദാമോദരൻ
,, ഈ. പി. കൃഷ്ണൻനമ്പ്യാർ
,, എ. എസ്. എൻ. നമ്പീശൻ
,, ആർ. കൃഷ്ണൻ (പാലക്കാട്)
,, എ. പി. കുര്യൻ
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് കൺട്രാക്ടർമാർ ഉന്നയിച്ച എത്ര തർക്കങ്ങൾ ആർബിട്രേഷനു വിട്ടിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly